കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

# വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള

# പഠനപിന്തുണാപരിപാടി

(കരട്)



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണാപരിപാടി

(കരട്)

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പിനുവേണ്ടി

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം തയ്യാറാക്കിയത്

## *വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണാപരിപാടി*

കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ടാണ് നാം വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഈ കാര്യങ്ങൾ ഫലപ്രദമായി എല്ലാ സ്കൂളുകളിലും നടക്കുന്നില്ല എന്ന വിമർശനമുണ്ട്. ക്ലാസ്മുറികൾക്കുള്ളിലും പുറത്തുമായി നടക്കുന്ന പഠനപ്രക്രിയയെ നിരന്തരവിലയിരുത്തലിന്റെയും ടേംവിലയിരുത്തലിന്റെയും ഭാഗമായി അടയാള പ്പെടുത്തേണ്ടതായിട്ടുണ്ട്. ഇത് കാര്യക്ഷമമായി നടപ്പിലാക്കാൻ എല്ലാവർക്കും കഴിയണം. അതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ ആവശ്യമാണ്? ഇത് വിദ്യാലയതലത്തിൽ നടപ്പിലാക്കുന്നതിന് അധ്യാപകരെ എങ്ങനെ ശാക്തീകരിക്കാം? വകുപ്പ് തലത്തിൽ മോണിറ്റർ ചെയ്യുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ/ചുമതലയുള്ളവരെ എങ്ങനെ സജ്ജരാക്കും? ഇത്തരം കാര്യങ്ങൾ സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്യേണ്ടതും അവധിക്കാലത്ത് തുടങ്ങി തുടരേണ്ടതുമുണ്ട്.

ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെ എത്തുന്ന വിദ്യാർഥി, നിരന്തരവിലയിരുത്തലിനു പുറമെ വിദ്യാഭ്യാസവകുപ്പ് നേരിട്ട് നടത്തുന്ന 30 പരീക്ഷകളെങ്കിലും എഴുതുന്നുണ്ട്. പാദ-അർദ്ധവാർഷിക, വാർഷിക പരീക്ഷകളെല്ലാം സംസ്ഥാനാടിസ്ഥാനത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കിയാണ് നടത്തുന്നത്. ഈ പ്രക്രിയയെ ഗൗരവത്തിലാണോ എല്ലാ സ്കൂൾ അധികാരികളും സമീപിക്കുന്നത് എന്നതും പ്രധാനപ്പെട്ട ചോദ്യമാണ്. ഇത്രയും പരീക്ഷകൾ എഴുതി പത്താം ക്ലാസിലെത്തുന്ന എല്ലാ വിദ്യാർഥികളും സ്വാഭാവികമായും നേടേണ്ട ശേഷികൾ കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഒന്നാംക്ലാസ് മുതൽ ഇങ്ങോട്ടുള്ള ഓരോ ഘട്ടത്തിലും കുട്ടികൾ നേടേണ്ട ശേഷികളെ സംബന്ധിച്ച് അധ്യാപകസഹായിയിൽ കൃത്യമായി വിശദീകരിക്കുന്നുമുണ്ട്. കൂടാതെ വിലയിരുത്തൽ സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുമുണ്ട്. എന്നിട്ടും എല്ലാ കുട്ടികളും ഈ ശേഷികൾ നേടുന്നില്ല എന്നത് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്.

കഴിഞ്ഞ 2 വർഷകാലയളവിൽ ദേശീയ-സംസ്ഥാന തലങ്ങളിൽ നടത്തിയ വിവിധ പഠനങ്ങളുടെ ഫലങ്ങൾ മേൽ സൂചിപ്പിച്ച കാര്യങ്ങൾ ശരിവയ്ക്കുന്നതുകൂടിയാണ്. ഗണിതം, ഭാഷ, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾ പിന്നോട്ട് പോകുന്ന പഠനഫലങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ വാർഷികവിലയിരുത്തൽ ഗൗരവമായ അക്കാദമികപ്രവർത്തനമായി വളർത്തേണ്ടതുണ്ട്. അതിനായി അധ്യാപകർ, രക്ഷിതാക്കൾ, ബി.ആർ.സി.കൾ, ഡയറ്റ്, വിദ്യാഭ്യാസവകുപ്പ് ഉദ്യാഗസ്ഥർ തുടങ്ങിയ വിവിധ മേഖലകളിലെ വിദ്യാഭ്യാസപ്രവർത്തകർ നിർബന്ധമായും കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിച്ചേ മതിയാകൂ.

രാജ്യത്താകമാനം വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി ഒന്നു മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കെല്ലാം സ്ഥാനക്കയറ്റം നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഇത് വിശാലമായ അടിസ്ഥാനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസാവകാശ സംരക്ഷണത്തിനുവേണ്ടി തയ്യാറാക്കപ്പെട്ട നിയമത്തിലെ ഒരു വകുപ്പാണ്. കുട്ടി ഓരോ ഘട്ടത്തിലും നേടേണ്ട ശേഷികളെ

ഉറപ്പിക്കുന്നതിൽ ഈ വകുപ്പ് ഒരിക്കലും തടസ്സമായി നിൽക്കരുത് എന്നതുകൂടി പരിഗണിച്ച് കേന്ദ്രസർക്കാർ തന്നെ ഭേദഗതി ചെയ്ത് 2019 ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പക്ഷെ ഈ ഭേദഗതി നടപ്പിലാക്കി കുട്ടികളെ തോൽപ്പിക്കുന്നത് ഒട്ടും അഭികാമ്യമല്ല എന്ന നിലപാടാണ് സംസ്ഥാനം സ്വീകരിച്ചിരിക്കുന്നത്. ഇതിനർഥം 'സമ്പൂർണ്ണ സ്ഥാനക്കയറ്റം' (All Promotion) എന്ന വാതിലിലൂടെ എല്ലാവരും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടാതെ പോകണമെന്നല്ല. ഇവിടെയാണ് അധ്യാപകർ കൂടുതൽ കാര്യക്ഷമമായി ഇടപെടേണ്ടിവരുന്നത്. സ്ഥാനക്കയറ്റം ലഭിക്കുന്നവർ അതിനർഹരാകുന്ന നിലയിൽ അവരുടെ പഠനനിലവാരം ഉറപ്പുവരുത്തുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്.

വിലയിരുത്തലിന്റെ ഭാഗമായി നിശ്ചിത പഠനലക്ഷ്യങ്ങൾ കൈവരിക്കാതെ തൊട്ടടുത്ത ക്ലാസിൽ എത്തുന്ന കുട്ടികൾക്കു പ്രസ്തുത ക്ലാസിൽ പഠനം ബുദ്ധിമുട്ടാവുകയും കൂടുതൽ പഠനവിടവ് ഉണ്ടാവുകയും ചെയ്യും. ഇത് പരിഹരിക്കുന്നതിനുള്ള ഒരു മാർഗം വാർഷികപരീക്ഷയുടെ സ്കോർ വിശകലനം നടത്തി പഠനപിന്തുണ ആവശ്യമുള്ളവർക്ക് (ഡി/ഇ ഗ്രേഡ് ലഭിച്ച കുട്ടികൾ) പരിഹാരബോധനപ്രവർത്തനങ്ങൾ നടത്തുക എന്നതാണ് അധ്യാപകർക്ക് അടിയന്തരമായി ഏറ്റെടുക്കാവുന്ന പ്രവർത്തനം.

ഒരു അധ്യയനവർഷത്തിൽ വിവിധ വിഷയങ്ങളിൽ നേടേണ്ട പഠനനേട്ടങ്ങൾ ആർജിക്കാതെ തൊട്ടടുത്ത ക്ലാസിലേക്ക് പ്രവേശനം ലഭിക്കുന്നത് പ്രസ്തുത ക്ലാസിലെ പഠനത്തിന് വിലങ്ങുതടിയാകും ഈ സാഹചര്യത്തിൽ അതത് ക്ലാസിലെ പഠനനേട്ടം കൃത്യമായി നേടിയെന്ന് ഉറപ്പുവരുത്തുകയും തുടർപഠനം സുഗമമാക്കുകയും ചെയ്യുക എന്നത് ഓരോ വിദ്യാലയവും ഓരോ അധ്യാപകരും ഏറ്റെടുക്കണം.

കുട്ടികൾക്ക് ലഭിച്ച സ്കോറിന്റെ അടിസ്ഥാനത്തിൽ (ഡി/ഇ ഗ്രേഡ് ലഭിച്ച കുട്ടികൾക്ക്) സവിശേഷ പിന്തുണ നൽകുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം. പലവിധ കാരണങ്ങളാൽ പഠനനേട്ടങ്ങൾ ആർജിക്കാത്ത കുട്ടികൾക്ക് കൈത്താങ്ങ് നൽകുകയും പഠനവേഗത കുറഞ്ഞ കുട്ടികൾക്ക് കൂടുതൽ സമയം ലഭ്യമാക്കുകയും ചെയ്ത് ആർജിക്കേണ്ട ശേഷികളിലേക്ക് കുട്ടിയെ എത്തിക്കാൻ വിദ്യാലയവും സമൂഹവും അധ്യാപകരുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്ന ശ്രമങ്ങളാണ് ഈ പരിപാടിയുടെ കാതൽ. പ്രസ്തുത പഠിതാക്കൾക്ക് സവിശേഷ പിന്തുണ ഉറപ്പാക്കുന്നതിലൂടെ നിരന്തരം ഉത്തരവാദിത്വ പൂർണ്ണമായ ഇടപെടൽ ലഭിക്കുകയും ചെയ്യും. ഇതുവഴി വിവിധ വിഷയങ്ങളിലെ പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നത് എളുപ്പമാവുകയും ചെയ്യും. ഈ പരിപാടിയിലൂടെ പഠനപിന്തുണ ആവശ്യമുള്ള എല്ലാ വിദ്യാർഥികളും പഠനനേട്ടങ്ങൾ ആർജിച്ച് ജൂൺ മാസത്തിൽ തൊട്ടടുത്ത ക്ലാസിലേക്ക് പ്രവേശനം നേടേണ്ടതുണ്ട്.

## പ്രവർത്തനപദ്ധതി രേഖ

### പ്രാഥമികഘട്ടം

### പഠനനില നിർണ്ണയം

- വാർഷികപരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലാസ്ടീച്ചർ ലിസ്റ്റ് ചെയ്യുന്നു (1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ E ഗ്രേഡും ഒൻപതാം ക്ലാസ്സിൽ D, E ഗ്രേഡുകളും നേടിയ കുട്ടികളെയാണ് പരിഗണിക്കേണ്ടത്).
- ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികളുടെ ഓരോ വിഷയത്തിലുമുള്ള കഴിവുകളും പരിമിതികളും കണ്ടെത്തി ഒരു കുറിപ്പ് ക്ലാസധ്യാപകർ തയ്യാറാക്കുന്നു. പ്രധാന പഠനപ്രശ്നമേഖലകൾ ഏതെല്ലാമെന്ന് കണ്ടെത്തി രേഖപ്പെടുത്തുന്നു (അതിനായി ഇപ്പോൾ നടക്കുന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ പ്രയോജനപ്പെടുത്തണം. അവയുടെ വിശകലനം കുട്ടിയുടെ പഠനനില മനസ്സിലാക്കാൻ സഹായകമാകും).

### ആസൂത്രണ - നിർവഹണഘട്ടം

### വിദ്യാലയതല പ്രവർത്തനങ്ങൾ

- പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ എസ്.ആർ.ജി.യിൽ കുട്ടികൾക്ക് പ്രയാസം നേരിടുന്ന മേഖലകൾ ചർച്ചചെയ്യുകയും ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠനപ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്യുന്നു. അധ്യാപകർക്ക് ചുമതലാവിഭജനം നടത്തണം. പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ മെന്റർമാരാകണം ഓരോ അധ്യാപകരും.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ വീടുകൾ അധ്യാപകർ നേരിട്ട് സന്ദർശിക്കണം.
- വിദ്യാലയത്തിലെ ഒരു അധ്യാപകന്/അധ്യാപികയ്ക്ക് പദ്ധതിയുടെ ചുമതല നൽകണം.
- കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപദ്ധതി സ്കൂൾ തലത്തിൽ തയ്യാറാക്കേണ്ടതാണ്.
- ഏപ്രിൽ മാസത്തിൽ തന്നെ നടത്തുന്ന സ്കൂൾതലവിശകലനത്തിന് ശേഷം ഓരോ കുട്ടിക്കും വ്യക്തിഗതമായിത്തന്നെ പാഠഭാഗങ്ങൾ നിർദേശിക്കുകയും അവയുടെ പുരോഗതി (കുട്ടിക്ക് പഠനനേട്ടങ്ങൾ ആർജിക്കാൻ സാധിക്കുന്നുവെന്ന്) ഉറപ്പുവരുത്തുകയും വേണം.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് നല്കേണ്ട പ്രവർത്തനങ്ങൾ (പ്രവർത്തന പദ്ധതി) ഓരോ വിഷയത്തിലും അധ്യാപകർ കണ്ടെത്തി നിർദേശിക്കണം. നിലവിലുള്ള പാഠഭാഗം മുഴുവനായി ഉപയോഗിക്കാതെ ആവശ്യമുള്ളവ പ്രത്യേകമായി കണ്ടെത്തുകയും നിർദ്ദേശിക്കുകയും വേണം (**ഏപ്രിൽ മാസം**). രക്ഷിതാക്കളുമായി ഈ കാര്യങ്ങൾ ചർച്ച ചെയ്യണം.

- ഒന്നാംക്ലാസ് മുതൽ ഒൻപതാംക്ലാസ് വരെ ഇത്തരത്തിൽ ഓരോ വിഷയത്തിലും ആവശ്യമായ പാഠഭാഗങ്ങൾ നേരത്തെ കണ്ടെത്തി രക്ഷിതാക്കളുടെയും കുട്ടികളുടെയും യോഗത്തിൽ (ഓൺലൈൻ/ഓഫ് ലൈൻ) കൃത്യമായ വിവരണം നൽകണം (**ഏപ്രിൽ**).
- ഓരോ കുട്ടിയും ഒരു യൂണിറ്റ് എന്ന കാഴ്ചപ്പാടിൽ (വ്യക്തിഗത മാസ്റ്റർപ്ലാൻ) ഊന്നി ആയിരിക്കണം പ്രവർത്തനങ്ങൾ നൽകേണ്ടത്.
- ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പ്ലാനുകൾ രക്ഷിതാവുമായി നടക്കുന്ന ചർച്ചയിൽ വിശദീകരിക്കുകയും ബോധ്യപ്പെടുത്തുകയും വേണം. ഗുണാത്മക നിർദേശങ്ങളിലൂടെ രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യണം.
- തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് ഒരു ബോധവൽക്കരണക്ലാസ് നടത്തുകയും പ്രവർത്തനപദ്ധതി വിശദീകരിക്കുകയും ചെയ്യണം.
- ഏപ്രിൽ മാസം തന്നെ പഠനപിന്തുണാപ്രവർത്തനങ്ങൾ ആരംഭിക്കണം.
- ഒന്നാംക്ലാസ് മുതൽ ഒൻപതാംക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രസ്തുത പ്രവർത്തനങ്ങൾ നൽകേണ്ടതാണ്.
- പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ ക്ലാസിലെ കുട്ടികളുടെ പഠനവേഗതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ, കുട്ടിയെ പഠനത്തിൽ നിന്നും അകറ്റുന്ന സാമൂഹ്യവും വൈകാരികവുമായ ഘടകങ്ങൾ എന്നിവ ചർച്ച ചെയ്യണം. (ഇതിനായി ബി.ആർ.സി.യിലെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ/സ്കൂൾ കൗൺസിലറുടെ സഹായം തേടാവുന്നതാണ്).
- പഠനപിന്തുണയ്ക്കായുള്ള പ്രത്യേക പ്രവർത്തനപാക്കേജ് രൂപപ്പെടുത്തുമ്പോൾ എസ്.സി.ഇ.ആർ.ടി 3 മുതൽ 10 വരെയുള്ള ക്ലാസ്സുകൾക്കായി തയ്യാറാക്കിയ 'പഠനത്തിനായി പാതയൊരുക്കാം, മുന്നേറാം' എന്ന പഠനസാമഗ്രിയും സമഗ്രശിക്ഷയുടെ 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ്', 'സുരീലി ഹിന്ദി', 'ഉല്ലാസഗണിതം', 'ഗണിതവിജയം' എന്നീ മൊഡ്യൂളുകളും പ്രയോജനപ്പെടുത്താവുന്നതാണ്.
- ഏപ്രിൽ, മെയ് മാസങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം എന്ന രീതിയിൽ കുട്ടികൾക്ക് വിദ്യാലയത്തിലോ സമൂഹത്തിലെ പൊതുയിടങ്ങളിലോ (വായനാശാല, അംഗൻവാടി, സാമൂഹ്യപഠനമുറി) വച്ച് പഠനപിന്തുണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- **'വീട്ടുമുറ്റത്തെ വിദ്യാലയം'** എന്ന രീതിയിൽ സാധിക്കുന്നിടത്ത് (അംഗൻവാടി, വായനശാല, സാമൂഹ്യപഠനമുറി തുടങ്ങിയ സ്ഥലങ്ങളിൽ) അധ്യാപകർക്ക് കുട്ടികളെ ക്ലസ്റ്റർ ചെയ്ത് ക്ലാസ്സുകൾ നടത്താവുന്നതാണ്.
- വീടിനടുത്തുള്ള അക്കാദമിക പിന്തുണ നൽകാൻ കെല്പുള്ള കുട്ടികളുടെ സഹായം ആവശ്യമെങ്കിൽ ഉറപ്പുവരുത്താവുന്നതാണ്. മാത്രമല്ല സ്കൂളിൽനിന്ന് വിരമിച്ച അധ്യാപക രുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്താവുന്ന താണ്.

- **ഗൃഹാങ്കണവിദ്യാലയത്തിന്റെ** ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കുട്ടികളുടെ ഭവനസന്ദർശനം ഉറപ്പുവരുത്തണം. അയൽപക്കകൂട്ടായ്മകളുടെയും വാർഡ്സമിതികളുടെയും സഹകരണ ത്തോടെ ഒരു പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും വേണ്ടി അധ്യാപകർ അങ്ങോട്ട് പോയി ഒരാഴ്ചത്തെ പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്.
- കുട്ടിക്ക് ആസ്വാദ്യകരമാകുന്ന, ആകർഷകമായ പഠനതന്ത്രങ്ങൾ ഈ വേളയിൽ ഉപയോഗ പ്പെടുത്തണം. അടിസ്ഥാനപഠനനേട്ടങ്ങൾ കൈവരിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ ആവശ്യം.
- ക്ലാസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാൻ ഒരാഴ്ച സമയം നിർദേശിക്കണം.
- ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടി ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രക്ഷിതാക്കളെ ഫോണിൽ ബന്ധപ്പെടുകയും കുട്ടിയുമായി സംസാരിക്കുകയും ചെയ്യുന്നത് നല്ലതാണ്.
- ഓരോ ആഴ്ചയിലും കുട്ടിയിൽ ഉണ്ടാവുന്ന പഠനവ്യത്യാസം കൃത്യമായി നിരീക്ഷിക്കേണ്ടതും ക്ലാസ്ടീച്ചറുടെ നോട്ടുബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ആഴ്ചയിലും രേഖപ്പെടുത്തുമ്പോൾ തൊട്ടുമുൻപേയുള്ള ആഴ്ചയിൽ നിന്ന് എത്രത്തോളം ഓരോപഠന നേട്ടത്തിലും കുട്ടി മുന്നോട്ട് പോയി എന്ന് കണ്ടെത്തുകയും അതിനനുസരിച്ച് ഗുണാത്മക നിരീക്ഷണങ്ങൾ/നിർദേശങ്ങൾ നൽകുകയും വേണം.
- മതിയായ പഠനപുരോഗതി കാണിക്കാത്ത കുട്ടികളെ സംബന്ധിച്ച് ക്രിയാഗവേഷണ താൽപര്യത്തോടെ അധ്യാപകർ ഇടപെടുകയും കാരണങ്ങൾ കണ്ടെത്തി എസ്.ആർ. ജി.യിൽ ചർച്ച ചെയ്തു പരിഹാരങ്ങൾ നിർദേശിക്കുകയും വേണം.
- പദ്ധതിയുടെ ഡിജിറ്റൽ ഡോക്യുമെന്റേഷനും റിപ്പോർട്ടും തയ്യാറാക്കണം.

## സമഗ്രശിക്ഷാ കേരളം

പ്രസ്തുത പ്രവർത്തനപദ്ധതി നടപ്പിലാക്കുമ്പോൾ എസ്.എസ്.കെ.യുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട പിന്തുണാപ്രവർത്തനങ്ങൾ :

- പഠനപിന്നാക്കാവസ്ഥ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ യഥാർത്ഥ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിങ് ടെസ്റ്റ് നടത്തുന്നതിന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുക.
- ഭിന്നശേഷി വിദ്യാർഥികൾക്കായുള്ള പ്രത്യേക പ്രവർത്തനങ്ങൾ തയ്യാറാക്കാൻ ബി.ആർ.സി.യിലെ റിസോഴ്സ് അധ്യാപകരുടെ (special educator) സഹായം ഉറപ്പു വരുത്തണം.
- പിന്തുണാസാമഗ്രികൾ തയ്യാറാക്കുന്നതിൽ വൈദഗ്ധ്യമുള്ള ട്രെയിനർമാരുടെ സേവനം.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പിന്തുണയ്ക്കായി പരിഹാരബോധന സമയത്തും റിസോഴ്സ് അധ്യാപകരുടെ സേവനം.

- കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനും കുട്ടികൾക്ക് ദിവസവും വീട്ടിലേക്ക് നൽകേണ്ട പ്രവർത്തനകാർഡുകൾ ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനും പ്രിന്റ് എടുക്കുന്നതിനും കുട്ടികളുടെ റിഫ്രഷ്മെന്റിനും ആവശ്യമായ സാമ്പത്തിക സഹായം.
- രക്ഷിതാക്കളുടെ ബോധവൽക്കരണ ക്ലാസ് കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സ്കിൽഡ് ട്രെയിനർ.

## വിലയിരുത്തൽ ഘട്ടം

### വിദ്യാലയതല വിലയിരുത്തൽ

- പഠനപിന്തുണാപ്രവർത്തനങ്ങൾക്ക് ശേഷം പ്രതീക്ഷിത പഠനനേട്ടങ്ങൾ പഠിതാവ് ആർജിച്ചോ എന്നറിയുന്നതിനുവേണ്ട വിലയിരുത്തൽപ്രവർത്തനങ്ങൾ നൽകേണ്ടതാണ്. കുട്ടിയുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട ഒരു ലഘുകുറിപ്പ് ക്ലാസധ്യാപിക തയ്യാറാക്കണം.
- ഏപ്രിൽ, മെയ് മാസത്തിൽ ഈ പ്രവർത്തനങ്ങളുടെ പുരോഗതി പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപിക നിരീക്ഷിക്കുകയും തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുട്ടികളും പഠനനേട്ടങ്ങളിലേക്ക് എത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്.
- മെയ് അവസാനവാരത്തിൽ വാർഷികപരീക്ഷാ മാതൃകയിൽ കുട്ടികളെ വിലയിരുത്തി പഠനപുരോഗതി മനസ്സിലാക്കി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- കുട്ടികളുടെ പഠനപുരോഗതിയുടെ നേർക്കാഴ്ചകൾ രക്ഷിതാക്കളുടെ മുന്നിലവതരിപ്പിക്കുകയും കുട്ടികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായം വിശകലനം ചെയ്ത് സ്കൂൾ തല പ്രവർത്തനപദ്ധതിയുടെ വിലയിരുത്തൽകുറിപ്പുകൾ എസ്.ആർ.ജി.യിൽ അവതരിപ്പിക്കേണ്ടതാണ്.

### അക്കാദമിക മോണിറ്ററിംഗ്

- വിദ്യാഭ്യാസഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ സ്കൂൾ സന്ദർശിക്കുകയും സ്കൂൾതല പരിഹാരബോധനപ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.
- കുട്ടികളുടെ പഠനപുരോഗതി, ഡിജിറ്റൽ തെളിവുകളുടെയും ക്ലാസ് പ്രവർത്തനങ്ങളുടെ നേർക്കാഴ്ചകളുടെയും അടിസ്ഥാനത്തിൽ കണ്ടു മനസ്സിലാക്കി അക്കാദമികമോണിറ്ററിംഗ് ചുമതലയുള്ള വിദ്യാഭ്യാസ ഉദ്യോഗസ്ഥർ (ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, ഡി.പി.സി, ബി.പി.സി) വിലയിരുത്തേണ്ടതാണ്.
- ഇത്തരം പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വേണ്ടി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് ബന്ധപ്പെട്ട വിദ്യാഭ്യാസഉദ്യോഗസ്ഥർ സ്കൂളിൽ എത്തുമ്പോൾ അധ്യാപിക, പ്രസ്തുത കുട്ടികളെ സംബന്ധിച്ച് നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയ പുസ്തകം പരിശോധനക്ക് ഹാജരാക്കേണ്ടതും കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച് വ്യക്തമായ ധാരണ രൂപപ്പെടുത്തേണ്ടതുമാണ്.

## സംസ്ഥാനതലം

സംസ്ഥാനതലത്തിൽ പഠനപിന്തുണാപരിപാടിയുടെ നടത്തിപ്പിന് ആവശ്യമായ നേതൃത്വം ഉറപ്പു വരുത്തേണ്ടതാണ് (എസ്.സി.ഇ.ആർ.ടി., സമഗ്രശിക്ഷാ, പൊതുവിദ്യാഭ്യാസവകുപ്പ്).

## ജില്ല/ഉപജില്ലാതലം

പഠനപിന്തുണാപരിപാടികൾ ഫലപ്രദമായി നടക്കുന്നു എന്ന് അതത് തലങ്ങളിൽ ബന്ധപ്പെട്ട വിദ്യാഭ്യാസഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യേണ്ടതാണ് (ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, ഡി.പി.സി, ബി.പി.സി, വിദ്യാകിരണം-കൈറ്റ് കോർഡിനേറ്റർമാർ)

## സ്കൂൾതലം

പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ അധ്യാപകർ തയ്യാറാക്കിയ പ്രവർത്തനപാക്കേജ് സ്കൂൾതലത്തിൽ ആവശ്യമായ ഭേദഗതികളോടെ എസ്.ആർ.ജി.യിൽ അവതരിപ്പിക്കണം.

പ്രവർത്തനകലണ്ടർ തയ്യാറാക്കണം. പ്രസ്തുത പ്രവർത്തനകലണ്ടർ പ്രകാരം പഠനപിന്തുണാപരിപാടി വിദ്യാലയങ്ങളിൽ ഫലപ്രദമായി നടക്കുന്നുവെന്ന് പ്രഥമാധ്യാപകർ ഉറപ്പു വരുത്തണം.

### ജില്ല/ഉപജില്ല തലത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഡയറ്റ് പ്രിൻസിപ്പൽ, ഡി.ഡി.ഇ., ഡി.ഇ.ഒ., ഡി.പി.സി. എന്നിവർ ഉൾപ്പെടുന്ന ജില്ലാസമിതി അതത് ജില്ലകളിൽ പ്രസ്തുത പദ്ധതിയ്ക്ക് നേതൃത്വം നൽകണം.
2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, അക്കാദമിക കോഡിനേറ്ററായ ഡയറ്റ് ഫാക്കൽറ്റി, ബി.പി.സി. (ഉപജില്ലാസമിതി) എന്നിവരുടെ നേതൃത്വത്തിൽ ആയിരിക്കണം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
3. പഠനപിന്തുണാപരിപാടി സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ അറിയിപ്പ് നൽകണം.
4. ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ അറിയിപ്പ് നൽകേണ്ട ചുമതല - ഡി.ഡി.ഇ/ഡി.പി.സി.
5. ബ്ലോക്ക്, മുൻസിപ്പാലിറ്റി, പഞ്ചായത്ത് - എ.ഇ.ഒ./ബി.പി.സി.
6. ജില്ല, ബ്ലോക്ക്, പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതികളുടെ യോഗം ചേരണം.
7. അവധിക്കാലപ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ ധാരണകൾ വിദ്യാലയങ്ങൾക്കും അധ്യാപകർക്കും നൽകുന്നതിന് പ്രധാനാധ്യാപക യോഗം വിളിക്കേണ്ടതും കാര്യങ്ങൾ വിശദീകരിക്കേണ്ടതുമാണ്.
8. വിദ്യാഭ്യാസഉദ്യോഗസ്ഥർ പിന്നാക്കപരിഹാരബോധനപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതി വാര അവലോകനം നടത്തേണ്ടതും ബന്ധപ്പെട്ട വിദ്യാലയങ്ങൾ സന്ദർശിക്കേണ്ടതുമാണ്. വിദ്യാലയങ്ങൾ, പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

9. വിവിധ ഓൺലൈൻ കോൺഫറൻസിംഗ് സങ്കേതങ്ങളുടെ സഹായത്തോടെ ബന്ധപ്പെട്ട അധ്യാപകരോടും വിദ്യാർഥികളോടും സംവദിക്കുന്നതും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതും ഉചിതമാണ്.
10. ഏപ്രിൽ ആദ്യവാരം സ്കൂളുകളിൽ നിന്ന് ഗൃഹാങ്കണവിദ്യാലയമെന്ന രീതിയിലുള്ള പഠന പിന്തുണാപരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ വിവരം സ്കൂൾ തിരിച്ച് ശേഖരിക്കേണ്ടതും രണ്ടാഴ്ചയിൽ ഒരിക്കൽ പുരോഗതി അവലോകനം നടത്തേണ്ടതുമാണ്.
11. തിരഞ്ഞെടുക്കപ്പെട്ട എല്ലാകുട്ടികൾക്കും കൈത്താങ്ങ് എത്തുന്നുവെന്ന് ഉപജില്ലാതലത്തിലെ സമിതി ഉറപ്പുവരുത്തേണ്ടതാണ്.
12. മെച്ചപ്പെട്ട പ്രവർത്തനങ്ങളുടെ വിനിമയസാധ്യത പരിശോധിക്കണം.
13. ഓരോ വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് കൃത്യമായ വിവര ശേഖരണം ഉറപ്പുവരുത്തുകയും നിരന്തരമായ ഇടപെടൽ ഉണ്ടാവുകയും വേണം.
14. മെയ് മാസത്തിൽത്തന്നെ എല്ലാ കുട്ടികളും അവർ നേടേണ്ടുന്ന ചുരുങ്ങിയ ശേഷികൾ എത്തിയെന്ന് ഉറപ്പാക്കുകയും തയ്യാറാക്കുന്ന പ്രമോഷൻ ലിസ്റ്റിനോടൊപ്പം ബന്ധപ്പെട്ട കുട്ടികളുടെ വിവരങ്ങൾ അനുബന്ധമായി പ്രത്യേകം തയ്യാറാക്കി നൽകേണ്ടതുമാണ്. ഉപജില്ലാസമിതി ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം നൽകേണ്ടതാണ്.

വിദ്യാലയവും രക്ഷിതാക്കളും ഒരുമിച്ച് ചേർന്നുള്ള പഠനപ്രവർത്തനങ്ങളാണ് വിജയം കാണുന്നത്. രക്ഷിതാക്കളുടെ സജീവപങ്കാളിത്തം ഉറപ്പുവരുത്തി പഠനപിന്തുണ ആവശ്യമുള്ള കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട എല്ലാവരും സജീവമായി പരിശ്രമിക്കണം.

## പ്രവർത്തനരേഖ

| ഘട്ടങ്ങൾ | അക്കാദമിക പ്രവർത്തനങ്ങൾ | ചുമതല | മോണിറ്ററിംഗ് | |
|---|---|---|---|---|
| | | | എൽ.പി., യു.പി | എച്ച്.എസ് |
| പ്രാഥമിക ഘട്ടം | 1. വാർഷികപരീക്ഷയുടെ മൂല്യനിർണയം നടത്തണം | അധ്യാപകർ, എച്ച്.എം. | എ.ഇ.ഒ., ബി.പി.സി. | ഡി.ഇ.ഒ., ഡയറ്റ് ഫാക്കൽറ്റി, ഡി.പി.സി |
| | 2. മൂല്യനിർണയ ഉത്തരപേപ്പറുകളുടെ സൂക്ഷിക്കൽ | എച്ച്.എം. | | |
| | 3. പിന്തുണ വേണ്ട വിദ്യാർഥികളുടെ ലിസ്റ്റ് തയ്യാറാക്കി അതത് അധ്യാപകർ സമർപ്പിക്കണം | എച്ച്.എം. | | |
| ആസൂത്രണ-നിർവഹണ ഘട്ടം | 1. പഠനപിന്തുണ വേണ്ട കുട്ടികളുടെ ഭവന സന്ദർശനം | അധ്യാപകർ | എ.ഇ.ഒ., ബി.പി.സി. | ഡി.ഇ.ഒ., ഡയറ്റ് ഫാക്കൽറ്റി, ഡി.പി.സി |
| | 2. പഠനപിന്തുണാക്ലാസുകൾ നൽകൽ | അധ്യാപകർ, എച്ച്.എം. | | |
| | 3. തുടർ മൂല്യനിർണ്ണയം | എച്ച്.എം. | | |
| വിലയിരുത്തൽ ഘട്ടം | 1. ഓരോ ആഴ്ചയിലും സ്കൂൾതല യോഗം | എച്ച്.എം. | എ.ഇ.ഒ., ബി.പി.സി. | ഡി.ഇ.ഒ., ഡയറ്റ് ഫാക്കൽറ്റി, ഡി.പി.സി |
| | 2. ഉപജില്ലാതല വിലയിരുത്തൽ യോഗം | എ.ഇ.ഒ. | ഡി.ഇ.ഒ. | ഡി.ഡി.ഇ. |
| | 3. ജില്ലാതല വിലയിരുത്തൽ യോഗം | ഡി.ഡി.ഇ. | ഡി.ജി.ഇ. | |
| | 4. സംസ്ഥാലതല വിലയിരുത്തൽ | എ.ഡി.പി.ഐ അക്കാദമിക് | ഡി.ജി.ഇ., എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ | |

**ഈ കുറിപ്പ് സംബന്ധിച്ച അഭിപ്രായങ്ങൾ 2024 ഏപ്രിൽ പത്താം തീയതിക്ക് മുമ്പ് താഴെപറയുന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്:**

**Dr. Jayaprakash R.K.**
Director
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,